ആവിഷ്ക്കരിക്കുവാനും ഉദ്ദേശിക്കുന്നു. "ഓഫ് സീസൺ" കാലഘട്ടമായ വർഷകാലത്തിൽ ആയുർവേദചികിത്സക്കുവേണ്ടിയുള്ള പ്രത്യേക പാക്കേജുകൾക്ക് കൂടുതൽ പ്രചാരണം നൽകും. ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കുമ്പോൾ. തദ്ദേശീയരുടേയും ആവശ്യങ്ങൾ മുൻപിൽ കണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും. അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പൊതു മേഖലാ സ്ഥാപനങ്ങൾക്കൊപ്പം സ്വകാര്യമേഖലയ്ക്കും പ്രോത്സാഹനം നൽകും.

(ഡി) വിനോദസഞ്ചാരം വളരെയേറെ തൊഴിൽസാധ്യതകൾ ഉള്ള ഒരു മേഖലയാണ്. ഹോട്ടലുകൾ, ട്രാവൽ ഏജൻസികൾ, ടൂർ ഓപ്പറേഷൻ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് ഓപ്പറേഷൻ, കരകൗശല കേന്ദ്രങ്ങൾ, വാർത്താ വിനിമയ കേന്ദ്രങ്ങൾ തുടങ്ങിയ ഒട്ടേറെ മേഖലകളിൽ ടൂറിസം മുഖേന നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കുന്നുണ്ട്. കേരളത്തിൽ ടൂറിസം വകുപ്പ് നേരിട്ടും, കെ.റ്റി.ഡി.സി./ബി.ആർ.ഡി.സി., ഡി.റ്റി.പി.സി.കൾ തുടങ്ങിയ സർക്കാർ ഏജൻസികളിലൂടെയും സ്വകാര്യപങ്കാളിത്തത്തോടെയുമാണ് വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഈ മേഖലകളിലെല്ലാം തന്നെ തൊഴിൽ അവസരങ്ങളും ഉണ്ടാകുന്നുണ്ട്. എന്നാൽ ഇതേപ്പറ്റി കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഇതേപ്പറ്റിയുള്ള ഒരു പഠനം നടന്നുവരികയാണ്.

(ഇ) വിദേശ ടൂറിസം വിപണിയിൽ കേരളത്തിന്റെ സാന്നിദ്ധ്യം പ്രകടമായ രീതിയിൽ ഉറപ്പുവരുത്തുന്നതിനുവേണ്ടിയും, വിദേശ ടൂറിസ്റ്റുകൾക്കും ടൂർ ഓപ്പറേറ്റർമാർക്കും ടൂർ വിവരങ്ങൾ നൽകുന്നതിനുവേണ്ടിയും ടൂറിസം വകുപ്പ് പ്രശസ്തമായ അന്തരാഷ്ട്രമേളകളിൽ പങ്കെടുത്തുവരുന്നു. വിദേശീയരായ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

* ഓഫ് സീസൺ കാലമായ വർഷകാലത്തിൽ ആയുർവേദ ചികിത്സക്കുവേണ്ടിയുള്ള പ്രത്യേക പാക്കേജുകൾ,
* കായലും-പുഴകളും കെട്ടുവള്ളങ്ങളും അടിസ്ഥാനമാക്കിയുള്ള 'ബാക്ക് വാട്ടർ ടൂറിസത്തിന്റെ വികസനം'
* കേരളത്തിലെ ബീച്ചുകളുടെ സമഗ്ര വികസനം
* പരിസ്ഥിതി അടിസ്ഥാനമാക്കിയുള്ള 'എക്കോടൂറിസം പദ്ധതികൾ'
* പീരുമേടിനു സമീപമുള്ള വാഗമണിനെ ഗോൾഫ് കോഴ്സ് അടക്കം വിപുലമായ സൗകര്യങ്ങളോടുകൂടിയ ഒരു അന്തരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

(എഫ്) നടപ്പ് സാമ്പത്തിക വർഷം 36 കോടി രൂപയാണ് വിനോദസഞ്ചാര വികസനത്തിനായി പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ളത്. ഇതു വഴി ഏകദേശം 500 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (622) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർ വൽക്കരണം

ശ്രീ. എ.വി. അബ്ദുറഹിമാൻഹാജി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുള്ളത്;

(സി) ഇനിയും എത്ര വകുപ്പുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്താനുണ്ടെന്നും ഏതെല്ലാം വകുപ്പുകളിൽ ആണെന്നും അറിയിക്കുമോ;

(ഡി) ഇതുവരെ ഈ വകയിൽ എത്രലക്ഷം രൂപ ചെലവായി;

(ഇ) ഏത് ഏജൻസിയാണ് ഈ ജോലി നിർവഹിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. സെക്രട്ടേറിയറ്റ്, സെക്രട്ടേറിയറ്റ് അനക്സ്, വികാസ്ഭവൻ, പബ്ലിക് ഓഫീസ് എന്നിവയെ ബന്ധിപ്പിച്ച് ഒരു വൈഡ് ഏരിയ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

(ബി)&(സി) പൂർത്തിയായിട്ടില്ല. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

(ഡി) വൈഡ് ഏരിയ പദ്ധതിക്കായി തുകയൊന്നും ചെലവായിട്ടില്ല. എന്നാൽ ചില വകുപ്പുകളിൽ കമ്പ്യൂട്ടർ വാങ്ങിയതിനായി ചെലവാക്കിയ തുക അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഇ) കമ്പ്യൂട്ടർവൽക്കരണത്തിന്റെ നടത്തിപ്പിനായി ഒരു ഏജൻസിയേയും ചുമതല ഏൽപ്പിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാഷണൽ ഇൻഫർമേറ്റിക്സ് സെന്ററിന്റെ സഹായം വൈഡ് ഏരിയ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനായി തേടിയിട്ടുണ്ട്.

2 (623) വികേന്ദ്രീകൃത ഭരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികേന്ദ്രീകൃത ഭരണ സംവിധാനത്തിന് അഖിലേന്ത്യാതലത്തിൽ ഏകീകൃത സ്വഭാവം വേണമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ബി) എങ്കിൽ അതിനായി അഖിലേന്ത്യാ തദ്ദേശസ്വയംഭരണ കമ്മിഷൻ രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ; ഇക്കാര്യത്തിന് കേന്ദ്രഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly